**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5258** **12-08-2021 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന കളിമണ്‍ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കേരള സംസ്ഥാന കളിമണ്‍ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ എന്നാണ് രൂപീകൃതമായതെന്ന് അറിയിക്കുമോ; പ്രസ്തുത കോർപ്പറേഷൻ എന്നാണ് പ്രവർത്തനം ആരംഭിച്ചതെന്ന് അറിയിക്കുമോ; | (എ) | 24/12/2011 ലെ സ.ഉ.(എം.എസ്) 191/2011/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം കളിമണ്‍ പാത്ര നിർമ്മാണം കുലത്തൊഴിലാക്കി സ്വീകരിച്ചിട്ടുള്ള സമുദായങ്ങളുടെ ക്ഷേമത്തിനായി കേരള സംസ്ഥാന കളിമണ്‍പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ രൂപീകരിച്ചു. 2020 മാർച്ച് മാസത്തിൽ ഓഹരി മൂലധനം അനുവദിച്ചപ്പോൾ കമ്പനി പ്രവർത്തനം ആരംഭിച്ചു. |
| (ബി) | കോർപ്പറേഷന് ഇതേ വരെയായി ഓഹരി മൂലധനമായി എത്ര രൂപ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | (ബി) | കോർപ്പറേഷനു 1.25 കോടി രൂപ ഓഹരി മൂലധനമായി ലഭിച്ചിട്ടുണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | എത്ര തസ്തികകളാണ് പ്രസ്തുത കോർപ്പറേഷനിൽ നാളിതുവരെയായി സൃഷ്ടിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | കോർപ്പറേഷനിൽ സ്ഥിരം തസ്തികകളൊന്നും ഇതുവരെ സൃഷ്ടിച്ചിട്ടില്ല. |
| (ഡി) | ഇതുവരെ സേവനമനുഷ്ടിച്ച ചെയർമാൻമാരുടെയും മാനേജിംഗ് ഡയറക്ടർമാരുടെയും പേര് വിവരങ്ങൾ ലഭ്യമാക്കാമോ; | (ഡി) | അനുബന്ധം ( എ ) ആയി ചേർത്തിരിക്കുന്നു. |
| (ഇ) | പ്രസ്തുത വിഭാഗം ഉദ്യോഗസ്ഥർ ശമ്പളം, ടി.എ., അലവൻസുകൾ എന്നീ ഇനങ്ങളിൽ എത്ര രൂപ വീതം കൈപ്പറ്റിയിട്ടുണ്ടെന്ന് അറിയിക്കുമോ? | (ഇ) | അനുബന്ധം ( ബി) ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ഇനം | വർഷം | ബഡ്ജറ്റിൽ വകയിരുത്തിയത് | അനുവദിച്ച തുക | അനുവദിച്ച തീയതി |
|---|---|---|---|---|
| | | (തുക ലക്ഷത്തിൽ) | | |
| ഓഹരി മൂലധനം | 2019-20 | **100** | **100** | 26/03/2020 |
| ഓഹരി മൂലധനം | 2020-21 | **50** | **25** | 14/03/2021 |
| ആകെ | | **150** | **125** | |

# അനുബന്ധം ( എ )

## 1 കോർപ്പറേഷന്റെ നാളിതുവരെയുള്ള ചെയർമാൻമാരുടെ വിവരം

| ക്രമനമ്പർ | പേര് | കാലയളവ് |
|---|---|---|
| 1, | ബി. സുബാഷ് ബോസ്<br>സ്വാതി, ആറ്റുകാൽ, മണക്കാട് പി. ഒ. \|<br>തിരുവനന്തപുരം . | 27/02/2016 മുതൽ 01/04/2017 |
| 2, | കെ. എൻ കുട്ടമണി<br>കൊമ്പത്തു വളപ്പിൽ വീട്,<br>രാമവർമ്മപുരം പി.ഒ, തൃശ്ശൂർ. | 14/08/2017 മുതൽ തുടരുന്നു. |

2. മാനേജിംഗ് ഡയറക്ടർമാർ

കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആയി പിന്നാക്ക വിഭാഗ വകുപ്പ് ഡയറക്ടർമാർ പട്ടികജാതി വികസന വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവർക്കാണ് അധിക ചുമതല നൽകിയിരുന്നത്. എന്നാൽ 17/08/2019 മുതൽ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ഈ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല വഹിക്കുന്നു.

മാനേജിംഗ് ഡയറക്ടർ ചുമതല വഹിച്ചിരുന്നവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ. വി .ആർ. ജോഷി, ഡയറക്ടർ പിന്നാക്ക വിഭാഗ വികസന വകുപ്പ് . | 27/02/2016 മുതൽ 30/06/2016 വരെ |
| 2 | ശ്രീ . ദിവാകരൻ എം കെ,ഡയറക്ടർ പിന്നാക്ക വിഭാഗ വികസന വകുപ്പ് . | 05/02/2018 മുതൽ 30/04/2018 വരെ |
| 3 | ശ്രീമതി. ശാരദ എസ് , ഡയറക്ടർ പിന്നാക്ക വിഭാഗ വികസന വകുപ്പ് . | 31/05/2018 മുതൽ 03/12/2018 വരെ |
| 4 | ശ്രീ .വി അനിൽകുമാർ ,ജോയിന്റ് ഡയറക്ടർ പട്ടികജാതി വകുപ്പ് . | 03/12/2018 മുതൽ 10/05/2019 വരെ |
| 5 | ശ്രീ .വി സജീവ് ,ഡെപ്യൂട്ടി ഡയറക്ടർ പട്ടികജാതി വകുപ്പ് . | 22/05/2019 മുതൽ 17/08/2019 വരെ |
| 6 | ശ്രീ.കെ. ടി. ബാലഭാസ്കരൻ ,മാനേജിങ് ഡയറക്ടർ ,കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേൻ | 17/08/2019 മുതൽ തുടരുന്നു . |

## അനുബന്ധം ( ബി)

27/02/2016 മുതൽ 01/04/2017 വരെ ചെയർമാനായിരുന്ന ശ്രീ. ബി. സുബാഷ് ബോസിന് യാതൊരു സാമ്പത്തിക ആനുകൂല്യങ്ങളും നൽകിയിട്ടില്ല.

14/08/2017 മുതൽ ചെയർമാനായി തുടരുന്ന ശ്രീ. കെ. എൻ. കുട്ടമണിക്ക് 31/07/2021 വരെ 1568059 രൂപയുടെ സാമ്പത്തിക ആനുകൂല്യങ്ങൾ ചുവടെ വിവരിക്കുന്ന പ്രകാരം നൽകിയിട്ടുണ്ട്.

ഓണറേറിയം - 9,48,387/-രൂപ

ഫോൺ അലവൻസ് - 72,000/-രൂപ

ട്രാവൽ അലവൻസ് - 80,965/-രൂപ

വീട്ടുവാടക അലവൻസ് -27,000/-രൂപ (2019 മാർച്ച് മുതൽ 2019 നവംബർ വരെ)

ബോർഡ് മീറ്റിംഗ് സിറ്റിംഗ് ഫീസ് - 9600/-രൂപ

വാഹന വാടക – 4,30,107/- രൂപ ( 30/11/2019 വരെ)

ആകെ - 15,68,059/-രൂപ (പതിനഞ്ച് ലക്ഷത്തി അറുപത്തി എട്ടായിരത്തി അൻപത്തി ഒൻപതു രൂപ )

കോർപറേഷനിൽ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല വഹിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് യാതൊരുവിധ സാമ്പത്തിക ആനുകൂല്യങ്ങളും നാളിതുവരെ നൽകിയിട്ടില്ല .